# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. ടി 2149** **17.06.2014-ലെ മറുപടിക്ക്**

<u>സേവന വേതന വ്യവസ്ഥാ പരിഷ്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. വി. ശശി** | **ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |

| | | |
|---|---|---|
| (എ) | ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ അഞ്ചുവർഷത്തിൽ ഒരിക്കൽ പുതുക്കി നിശ്ചയിക്കുന്ന നടപടിക്രമം നിലവിലുണ്ടോ; | ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ അഞ്ചുവർഷത്തിൽ ഒരിക്കൽ പുതുക്കി നിശ്ചയിക്കുന്ന നടപടിക്രമം നിലവിലില്ല. എന്നാൽ കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ചുവർഷത്തിൽ ഒരിക്കൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം അനുവദിക്കാറുണ്ട്. |
| (ബി) | ഇവരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നടപ്പാക്കേണ്ടത് എന്നു മുതലാണെന്ന് വ്യക്തമാക്കാമോ; | പത്താം ശമ്പള കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾ പുതുക്കി നടപ്പാക്കുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | 30.11.2013 ലെ സ.ഉ. (കൈ) നം.583/2013/ധന പ്രകാരം പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷനെ ആറുമാസക്കാലാവധി കണക്കാക്കി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ കമ്മീഷന്റെ കാലാവധി 04.12.2014 വരെ ദീർഘിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 22.02.2014 ലെ സ.ഉ.(കൈ) 79/2014/ധന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മീഷന്റെ ഓഫീസ് സ്വരാജ് ഭവനിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. കമ്മീഷന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് 17.05.2014 ലെ സ.ഉ (കൈ) നം.176/2014/ധന പ്രകാരം തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**